**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1402** **10-10-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഹൈസ്കൂളുകളിലെ പ്രധാന അധ്യാപകരുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ പ്രധാന അധ്യാപകർ ഉള്ളതും ഇല്ലാത്തതുമായ എത്ര സർക്കാർ സ്കൂളുകൾ ഉണ്ടെന്നുള്ള വിവരം ജില്ലതിരിച്ച് ലഭ്യമാക്കാമോ; | (എ) | **അനുബന്ധമായി ചേർത്തിരിക്കുന്നു.** |
| (ബി) | സർക്കാർ ഹൈസ്കൂളിലെ പ്രധാന അധ്യാപകരുടെ സ്ഥലംമാറ്റം ഏറ്റവും ഒടുവിൽ നടന്നത് ഈ അധ്യയന വർഷം ആരംഭിച്ചതിന് ശേഷമാണോയെന്നും നടന്ന തീയതിയും അറിയിക്കാമോ; | (ബി) | **പ്രധാന അധ്യാപകരുടെ 2024 വർഷത്തെ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചത് ഈ അധ്യയന വർഷം ആരംഭിച്ചതിനുശേഷം 15/06/2024 തീയതിയിലാണ്.** |
| (സി) | പ്രധാന അധ്യാപകരായി സ്ഥാനക്കയറ്റം കിട്ടേണ്ട അധ്യാപകരുടെ ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ അവർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; നിലവിലില്ലെങ്കിൽ പ്രസ്തുത ലിസ്റ്റ് തയ്യാറാക്കുന്നതിനു തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | **നിലവിലുണ്ട്.<br>സ്ഥാനക്കയറ്റം നടത്തുന്നതിലേക്കായി 19/08/2024-ൽ ഡിപിസി(ലോവർ) കൂടുകയും സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. പ്രസ്തുത സെലക്ട് ലിസ്റ്റ് 05/10/2024-ന് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥാനക്കയറ്റ നിയമന നടപടികൾ അന്തിമ ഘട്ടത്തിലാണ്.** |
| (ഡി) | പ്രധാന അധ്യാപകരില്ലാത്ത സർക്കാർ സ്കൂളുകളിൽ എത്ര നാളുകൾക്കുള്ളിൽ പ്രധാന അധ്യാപകരെ നിയമിക്കുമെന്ന വിവരം ലഭ്യമാക്കാമോ? | (ഡി) | **നിലവിലുണ്ട്.<br>സ്ഥാനക്കയറ്റം നടത്തുന്നതിലേക്കായി 19/08/2024-ൽ ഡിപിസി(ലോവർ) കൂടുകയും സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. പ്രസ്തുത സെലക്ട് ലിസ്റ്റ് 05/10/2024-ന് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥാനക്കയറ്റ നിയമന നടപടികൾ അന്തിമ ഘട്ടത്തിലാണ്.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | ഗവ. എച്ച്.എസ്. | |
|---|---|---|
| | എച്ച്.എം. ഉള്ള സ്കൂളുകൾ | എച്ച്.എം. ഇല്ലാത്ത സ്കൂളുകൾ |
| തിരുവനന്തപുരം | 129 | ഇല്ല |
| കൊല്ലം | 81 | 6 |
| പത്തനംതിട്ട | 39 | 11 |
| ആലപ്പുഴ | 55 | 10 |
| കോട്ടയം | 37 | 28 |
| ഇടുക്കി | 40 | 40 |
| എറണാകുളം | 65 | 30 |
| തൃശ്ശൂർ | 74 | 13 |
| പാലക്കാട് | 80 | 10 |
| മലപ്പുറം | 92 | 15 |
| കോഴിക്കോട് | 73 | 6 |
| വയനാട് | 39 | 24 |
| കണ്ണൂർ | 75 | 24 |
| കാസർഗോഡ് | 91 | 7 |